

# മങ്കട അബ്ദുൽ അസീസ് മൗലവി: വേദിയിൽ വിവാദം, വ്യക്തിബന്ധത്തിൽ സൗഹൃദം

**ശൈഖ് മുഹമ്മദ് കാരകുന്ന്**

**ഫറോക്ക്** റൗദത്തുൽ ഉലൂം അറബിക്കോളേജിൽ വിദ്യാർഥിയായിരിക്കെയാണ് മങ്കട അബ്ദുൽ അസീസ് മൗലവിയുമായി ആദ്യമായി അടുത്ത് ബന്ധപ്പെടുന്നത്. അവിടത്തെ പൂർവ വിദ്യാർഥിയായ അദ്ദേഹം അബുസ്സ്വബാഹ് അഹ്മദലി മൗലവിയെ സന്ദർശിക്കാൻ വന്നതായിരുന്നു. മൗലവി പി. മുഹമ്മദ് കുട്ടശ്ശേരിയാണ് ഞങ്ങളെ പരിചയപ്പെടുത്തിയത്. അന്നാരംഭിച്ച സൗഹൃദബന്ധം മരണം വരെ നാലു പതിറ്റാണ്ടുകാലം ഊഷ്മളമായി നിലനിന്നു. പ്രസംഗവേദികളിൽ വെച്ചാണ് കൂടുതൽ കണ്ടിരുന്നത്. അത് അധികവും ആശയപരമായ ഏറ്റുമുട്ടലിലാണ് അവസാനിച്ചിരുന്നത്. ഏറ്റവും അവസാനം വേദി പങ്കിട്ടത് കോഴിക്കോട്ട് മുസ്‌ലിം സംഘടനാ നേതാക്കൾ സംബന്ധിച്ച വിദ്യാഭ്യാസ ചർച്ചായോഗത്തിലാണ്. പതിവുപോലെ അന്നും രൂക്ഷമായ ആശയസംഘട്ടനം നടന്നു. ന്യൂനപക്ഷത്തിന്റെ പേരിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേടിയെടുത്ത് വിദ്യാഭ്യാസ കച്ചവടം നടത്തുന്നത് ശരിയല്ലെന്നും സർക്കാർ ശമ്പളം കൊടുക്കുന്ന സ്ഥാപനങ്ങളിൽ പോലും വിദ്യാർഥികളിൽനിന്ന് പതിനായിരങ്ങളും അധ്യാപകരിൽനിന്ന് ലക്ഷങ്ങളും കോഴ വാങ്ങുന്നത് അധാർമികമാണെന്നും അതുവഴി പാവപ്പെട്ട വിദ്യാർഥികൾക്ക് പഠിക്കാനും ഉദ്യോഗാർഥികൾക്ക് ജോലിക്കുമുള്ള അവസരം നിഷേധിക്കപ്പെടുന്ന അവസ്ഥ അവസാനിപ്പിക്കണമെന്നും പറഞ്ഞതിനോട് അബ്ദുൽ അസീസ് മൗലവി യോജിച്ചില്ല. സമുദായത്തിലിപ്പോൾ പാവപ്പെട്ടവരില്ലെന്നും മതപണ്ഡിതന്മാർ പോലും കാറുകളിൽ യാത്ര ചെയ്യുന്ന ഇക്കാലത്ത് പണം കൊടുത്ത് പഠിക്കാൻ ആർക്കും പ്രയാസമില്ലെന്നുമാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

വേദികളിൽ ശക്തമായി ഏറ്റുമുട്ടുമ്പോഴും വ്യക്തിപരമായ ബന്ധവും സൗഹൃദവും സ്നേഹവും കുറയുകയല്ല, കൂടുകയാണ് ചെയ്തത്. അഞ്ചാറു മാസം മുമ്പ് എറണാകുളത്തേക്കുള്ള യാത്രയിൽ ദീർഘനേരം ഒന്നിച്ചു ചെലവഴിക്കാൻ അവസരം ലഭിച്ചു. കുടുംബകാര്യങ്ങളും ആരോഗ്യാവസ്ഥയും തൊട്ട് മത, സാമുദായിക, രാഷ്ട്രീയ, അന്തർദേശീയ പ്രശ്നങ്ങൾ വരെ സംഭാഷണങ്ങളിൽ കടന്നുവന്നു. ചുമലിൽ കൈവെച്ച് പിതൃനിർവിശേഷമായ സ്നേഹത്തോടെയാണ് എപ്പോഴും സംസാരിക്കുക.

മുഹമ്മദലി ജിന്നയോട് അത്യാദരവ് പുലർത്തിയിരുന്ന അബ്ദുൽ അസീസ് മൗലവി കഠിനാധ്വാനത്തിലും അദ്ദേഹത്തെത്തന്നെയാണ് മാതൃകയാക്കിയത്. ജിന്നയുടെ ഒരു വാചകം അദ്ദേഹം ഇടക്കിടെ ഉദ്ധരിക്കുമായിരുന്നു. വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്ത് തിരിച്ചുവരവെ പാതിരാവിലും വായിക്കുകയും എഴുതുകയും ചെയ്യുന്ന ജിന്നയോട് കപ്പൽ ജീവനക്കാർ ചോദിച്ചു: 'ഗാന്ധിജി സുഖമായി ഉറങ്ങുമ്പോഴും താങ്കളെന്താണ് ഉറക്കമൊഴിച്ചിരിക്കുന്നത്?' ജിന്നയുടെ മറുപടി ഇതായിരുന്നു: 'ഗാന്ധിജിയുടെ സമുദായം ഉണർന്നിരിക്കുകയാണ്. അതിനാൽ അദ്ദേഹത്തിനുറങ്ങാം. എന്റെ സമുദായം ഗാഢനിദ്രയിലാണ്. അതിനാൽ എനിക്ക് ഉറങ്ങാനാവില്ല.'

1931 ജൂലൈ 15-ന് മങ്കട തയ്യിൽ കമ്മാലി മുസ്‌ലിയാരുടെ മകനായി ജനിച്ച അദ്ദേഹം റൗദത്തുൽ ഉലൂം അറബിക്കോളേജിൽനിന്ന് അഫ്ദലുൽ ഉലമാ ബിരുദം കരസ്ഥമാക്കി. അലീഗഢ് സർവകലാശാലയിൽനിന്നാണ് എം.എ പാസ്സായത്. അറബി ഭാഷയിൽ അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന മൗലവി ചരിത്രകാരനും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു. എ.വി അബ്ദുർറഹ്മാൻ ഹാജിയുടെ വിയോഗത്തോടെ നദ്‌വത്തുൽ മുജാഹിദീന്റെ സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മരണം വരെ ആ പദവിയിൽ തുടർന്നു. *ചന്ദ്രിക* ദിനപ്പത്രത്തിന്റെ ജനറൽ മാനേജരും ചീഫ് എഡിറ്ററുമായി സേവനമനുഷ്ഠിച്ചിരുന്നു. *വർത്തമാനം* പത്രത്തിന്റെ മാനേജിംഗ് എഡിറ്ററായിരിക്കെയാണ് മരണം. റൗദത്തുൽ ഉലൂം അറബിക്കോളേജ്, മങ്കട ഡിസ്ട്രിക്ട് ബോർഡ് സ്കൂൾ, പെരിന്തൽമണ്ണ ഗവൺമെന്റ് ഹൈസ്കൂൾ, കോഴിക്കോട് ഗവൺമെന്റ് ആർട്സ് കോളേജ്, പൊന്നാനി എം.ഇ.എസ് കോളേജ്, മമ്പാട് എം.ഇ.എസ് കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായി സേവനമനുഷ്ഠിച്ച അസീസ് മൗലവി മമ്പാട് എം.ഇ.എസ് കോളേജ് അറബിക് ഡിപ്പാർട്ട്മെന്റ് തലവനും

പിന്നീട് കോളേജ് പ്രിൻസിപ്പലുമായി. കോഴിക്കോട് സർവകലാശാലാ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, ഫാക്കൽറ്റി ഓഫ് ലാംഗ്വേജ്സ് മെമ്പർ, യൂനിവേഴ്സിറ്റി ഇസ്‌ലാമിക് ചെയർ പ്രഫസർ, മഹാത്മാഗാന്ധി യൂനിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. എം.ഇ.എസ് സ്ഥാപക കമ്മിറ്റിയംഗമായ അസീസ് മൗലവി അതിന്റെ നിരവധി ഉന്നതസ്ഥാനങ്ങളും ചുമതലകളും വഹിക്കുകയുണ്ടായി. കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷന്റെ സ്ഥാപക പ്രസിഡന്റ് കൂടിയായ അദ്ദേഹം മങ്കടയിലെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശിൽപിയും മഹല്ല് ഖാദിയുമായിരുന്നു.

നർമം കലർത്തി മണിക്കൂറുകളോളം അനായാസം പ്രസംഗിച്ചിരുന്ന അബ്ദുൽ അസീസ് മൗലവി എഴുത്തുകാരനും നിരവധി ഗ്രന്ഥങ്ങളുടെ കർത്താവുമാണ്. *ഇബ്നു ബത്തൂത്തയുടെ സഞ്ചാരകഥ*, *കേരള മുസ്‌ലിം ചരിത്രം: കാണാത്ത കണ്ണികൾ*, *സാമൂതിരിക്ക് സമർപ്പിച്ച അറബി മഹാകാവ്യം*, *ഗാന്ധിജിയുടെ മതമൗലികവാദം ഒരു വിലയിരുത്തൽ*, *ആവിഷ്കാര സ്വാതന്ത്ര്യം: ഒരു ചർച്ച*, *മുസ്‌ലിം ചിന്താപ്രസ്ഥാനങ്ങൾ*, *എന്റെ സുഊദി കാഴ്ച* എന്നിവ അവയിൽ പെടുന്നു. ഇതിൽ അവസാന കൃതിയുടെ പ്രകാശനം മരണത്തിനു രണ്ടാഴ്ച മുമ്പായിരുന്നു.

എക്കാലത്തും ജമാഅത്തെ ഇസ്‌ലാമിയുടെ കടുത്ത വിമർശകനായിരുന്ന അസീസ് മൗലവി എറണാകുളത്ത് നടന്ന കേരള ഇസ്‌ലാമിക് സെമിനാറിൽ ബാങ്ക് പലിശയെപ്പറ്റിയും സ്ത്രീകളുടെ വസ്ത്രധാരണത്തെപ്പറ്റിയും പ്രകടിപ്പിച്ച അഭിപ്രായങ്ങൾ ഏറെ വിവാദങ്ങളുണ്ടാക്കി. പിന്നീട് ഇസ്‌ലാം ആന്റ് മോഡേൺ ഏയ്ജ് സൊസൈറ്റിയുടെ വക്താവായി രംഗത്തുവന്നപ്പോഴും കടുത്ത വിമർശനമുണ്ടായി. പിന്നീട് സമുദായത്തിന്റെ പൊതുധാരയിൽ സ്ഥാനമുറപ്പിക്കുകയും മതരംഗത്ത് നദ്‌വത്തുൽ മുജാഹിദീന്റെയും രാഷ്ട്രീയമായി മുസ്‌ലിം ലീഗിന്റെയും സാമൂഹികരംഗത്ത് എം.ഇ.എസ്സിന്റെയും നേതാവായിത്തീരുകയുമാണുണ്ടായത്. 'ഇസ്‌ലാം ആന്റ് മോഡേൺ ഏയ്ജ് സൊസൈറ്റി'യുടെ മുഖപത്രമായിരുന്ന *നിരീക്ഷണ*ത്തിൽ എം. ജമാൽ എന്ന തൂലികാനാമത്തിൽ അസീസ് മൗലവി എഴുതിയ 'ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നു' എന്ന ലേഖനമാണ് മുജാഹിദുകളും മതേതരവാദികളും ഭൗതികവാദികളും തങ്ങളുടെ ജമാഅത്ത് വിമർശനത്തിന് മുഖ്യമായും അവലംബിക്കാറുള്ളത്.

ഏതു പ്രായക്കാരുമായും ഉറ്റ ചങ്ങാതിമാരെപ്പോലെ പെരുമാറിയിരുന്നു അദ്ദേഹം. ആറു പതിറ്റാണ്ട് കേരളീയ മുസ്‌ലിം ജീവിതത്തിൽ പണ്ഡിത്യവും പൊതുപ്രവർത്തനവും വഴി തന്റെ സാന്നിധ്യം അറിയിച്ച മൗലവിയുടെ മരണം വ്യക്തിപരമായി ഒരു ഉറ്റസുഹൃത്തിന്റെ വേർപാടുകൂടിയാണ്. അല്ലാഹു അദ്ദേഹത്തിന്റെ പിഴവുകൾ പൊറുത്ത് പരലോകജീവിതം വിജയകരമാക്കിത്തീർക്കുമാറാകട്ടെ - ആമീൻ.

■